LANGUAGE, LITERATURE, AND CULTURAL STUDIES

# ബഷീറിയൻ ശബ്ദലോകത്തിലെ പേരില്ലാത്ത മനുഷ്യർ

**എം. അമൃതപ്രിയ**
അസി. പ്രൊഫസർ ഓൺ കോൺട്രാക്ട്
എൻ എസ് എസ് കോളേജ്
ഒറ്റപ്പാലം
E-mail: amruthapriya101@gmail.com

**സംഗ്രഹം**

ചരിത്രത്തിൽ രേഖപ്പെടുത്താതെ പോകുമായിരുന്ന മനുഷ്യരുടെ ശബ്ദമാകുന്ന ബഷീർ കൃതികൾ. പാവപ്പെട്ടവരുടെ വേശ്യ, പാത്തുമ്മായുടെ ആട്, മതിലുകൾ, മുച്ചീട്ടുകളിക്കാരന്റെ മകൾ, ആനവാരിയും പൊൻകുരിശും, ശബ്ദങ്ങൾ എന്നിവ അതിന് ചില ഉദാഹരണങ്ങളാണ്. 'ആകാശമിഠായി'യെ അവതരിപ്പിച്ചതുപോലെ ബഷീർ പിൽക്കാലത്തും ജാതി-മത-വർഗ്ഗ-വർണ്ണ-ലിംഗഭേദങ്ങൾക്ക് അതീതമായി പേരില്ലാത്ത, നിശ്ശബ്ദരായ ഒരുപറ്റം മനുഷ്യരുടെ ശബ്ദമായി. ഇത്തരത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ ബഷീർ എന്ന ആഖ്യാതാവ് ശബ്ദങ്ങൾ എന്ന കൃതിയിൽ സന്നിവേശിപ്പിച്ചതെങ്ങനെയെന്ന് കണ്ടെത്താനുള്ള ശ്രമമാണ് ഈ പാഠനം.

**താക്കോൽവാക്കുകൾ:** തിരസ്കൃതർ, രോഗികൾ, കുറ്റവാളികൾ, ആൺവേശ്യ, പെൺവേശ്യ, Trasvestite

## ആമുഖം

മാനവികതയുടെ കഥാകാരനാണ് ബഷീർ. പ്രത്യേകിച്ച് തിരസ്കരണത്തിനും തമസ്കരണത്തിനും വിധേയരായ മനുഷ്യരുടെ. അക്കാരണത്താൽ ആഭാസസാഹിത്യമെന്ന് മുദ്രകുത്തപ്പെട്ട പകൽവെളിച്ചത്തിലോ പരസ്യമായോ വായന നിഷേധിക്കപ്പെട്ട ഒരു ബഷീർ കൃതിയുണ്ട് - 'ശബ്ദങ്ങൾ'. ഒറ്റനോട്ടത്തിൽ ഈ കൃതി യുദ്ധാനന്തരം പട്ടാളത്തിൽനിന്ന്

 ISSN: 2582 - 2594

പിരിച്ചുവിട്ട, ഒരു അനാഥയുവാവിന്റെ ജീവിതകഥ പറയുകയാണ്. എന്നാൽ അന്നേവരെ പൊതു ഇടങ്ങളിൽ നിശബ്ദരാക്കപ്പെട്ട മനുഷ്യരുടെ ശകലിത ശബ്ദങ്ങളെക്കൂടി ബഷീർ തന്റെ കഥകളിൽ ചേർത്തുവച്ചു. ഋതുവായ പെണ്ണിനും ഇരപ്പനും ദാഹകനും പതിതനും അഗ്നിയെ അജനംചെയ്ത ഭൂസുരനും (ശ്ലോകം 20, പുറം 64) ഹരിനാമകീർത്തനം ഒരുപോലെയാണെന്ന, എഴുത്തച്ഛൻ പകർന്നുനൽകിയ സമത്വബോധം നാം പിന്നീട് കാണുന്നത് ബഷീറിലാണ്. ആൺവേശ്യകളുടെയും സ്ത്രീകളുടെയും ഭിക്ഷക്കാരുടെയും പിടിച്ചുപറിക്കാരുടെയും കീഴാളരുടെയും അനാഥരുടെയും അശരണരുടെയും രോഗികളുടെയും ശബ്ദം അവിടെ തെളിഞ്ഞുകേട്ടു. ബഷീർ ഏറെ വിമർശിക്കപ്പെട്ടതും ഈ 'ശബ്ദങ്ങളു'ടെ പേരിലാണ്.

സമൂഹത്തിൽ ഒരു വ്യക്തി അടയാളപ്പെടുന്നത് സ്വന്തം പേരിലാണ്. ജാതി, മതം, ലിംഗം, കുടുംബം, തൊഴിൽ, സ്ഥലം തുടങ്ങി ഒരു മനുഷ്യനെക്കുറിക്കുന്ന പല സൂചനകളും വ്യക്തിനാമങ്ങളിൽ ഉൾച്ചേർക്കുന്നത് കാണാം. എന്നാൽ പതിവുകാഴ്ചകളിൽ നിന്ന് വിപരീതമായി ബഷീർ തന്റെ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ കൃതിയിൽ (പ്രേമലേഖനം – 1943) 'ആകാശമിഠായി'യെ അവതരിപ്പിക്കുന്നു. അതേ ബഷീർ തന്നെ പിൽക്കാലത്ത് ജാതി-മത-വർഗ്ഗ-വർണ്ണ-ലിംഗഭേദങ്ങൾക്ക് അതീതമായി പേരില്ലാത്ത, നിശ്ശബ്ദരായ ഒരുപറ്റം മനുഷ്യരുടെ ശബ്ദമാകുന്നു.

**തിരസ്കൃതരുടെ ലോകം**

ബോധപൂർവ്വമായ തിരസ്കരണത്തിന് വിധേയരായ മനുഷ്യരുടെ ജീവിതം ഓരങ്ങളിലേക്ക് മാറ്റിവെയ്ക്കാതെ ബഷീർ തന്റെ സാഹിത്യസപര്യയിൽ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു. 'പണ്ടൊരുകാലത്ത് പരസ്യമായി അമ്മയോ അച്ഛനോ ഇല്ലാത്ത ഒരു യുവാവുണ്ടായിരുന്നു' എന്ന് നായകന്റെ അനാഥത്വത്തെ വെളിപ്പെടുത്തിക്കൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. പിറന്നയുടനെ പെരുവഴിയിൽ ഉപേക്ഷിക്കപ്പെട്ട മുഖ്യകഥാപാത്രം ജീവിതത്തിലുടനീളം വിചിത്രമായ അനുഭവങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ജീവിതാരംഭം മുതൽ അയാൾക്ക് അനാഥത്വവും അസ്വസ്ഥതയും അസ്ഥിരതയും അനുഭവിക്കേണ്ടിവരുന്നു. നിങ്ങൾക്ക് പരസ്യമായി അമ്മയോ അച്ഛനോ ഉണ്ടോ? എന്ന ചോദ്യത്തിനു മുന്നിൽ നിൽക്കുമ്പോൾ 'ഇല്ല, നിങ്ങളെല്ലാം ഉണ്ടായതുപോലെത്തന്നെ ഞാനും ഉണ്ടായി' എന്ന നിസ്സംഗത നിറഞ്ഞ ഒരു മറുപടി മാത്രമാണ് അയാളുടെ കൈവശം സ്വന്തമായിയുണ്ടായിരുന്നത്. 'ആകാശംപോലെ വിശാലമായ നഗരം. അനേകലക്ഷം മനുഷ്യർ. വാഹനങ്ങൾ. എങ്കിലും ഞാൻ തനിച്ചാണ്'' (ശബ്ദങ്ങൾ: പുറം – 68), 'കവിതകളിലോ കഥകളിലോ പ്രസംഗങ്ങളിലോ എന്തും പറയാം. പച്ചയായ ജീവിതത്തിൽ ഓരോരുത്തരും ഓരോ അനാഥജീവികളാണ്'' (ശബ്ദങ്ങൾ: പുറം: 70), 'യുദ്ധം ജയിച്ചപ്പോൾ പിരിച്ചുവിട്ട നാലോ അഞ്ചോ ലക്ഷം വരുന്ന പട്ടാളക്കാരുടെ പ്രതിനിധിയാണോ താങ്കൾ' എന്ന എഴുത്തുകാരന്റെ ചോദ്യത്തിന് ലഭിക്കുന്ന മറുപടി: 'ഞാൻ എന്റെ പ്രതിനിധിയാണ്!', എന്നിങ്ങനെ തന്റെ ജനനത്തിന് കാരണക്കാരെന്നു കരുതുന്ന അച്ഛനമ്മമാരെ അയാളറിയുന്നത് ചോരക്കുഞ്ഞായിരിക്കെ തന്നെ തെരുവിലേക്ക് വലിച്ചെറിഞ്ഞ് തന്റെ അനാഥത്വത്തിന് കാരണക്കാരായവർ എന്ന നിലയിലാണ്. സ്വന്തം രക്ഷിതാക്കളുടെയോ ഗവൺമെന്റിന്റെയോ രാജ്യത്തിന്റെയോ യാതൊരുവിധ സംരക്ഷണവും

സുരക്ഷിതത്വവും ലഭിക്കാത്തതിനാലാവണം അയാൾ ഈശ്വരനിലും ഒരു മതത്തിലും ഒരു തത്ത്വശാസ്ത്രത്തിലും വിശ്വസിക്കാതായത്. വൈദികനാൽ എടുത്തുവളർത്തപ്പെട്ടതുകൊണ്ടുമാത്രം അയാൾ അദ്ദേഹത്തിന്റെ മതത്തിൽ വളർന്നു.

രോഗത്താലും ദാരിദ്ര്യത്താലും അവശനായി നഗരത്തിന്റെ പുറമ്പോക്കിലെ ഇടിഞ്ഞു പൊളിഞ്ഞ ദേവാലയത്തിൽ അയാൾ അഭയം തേടുന്നു. വഴിയമ്പലത്തിലെ ഇരുട്ടിന്റെ മറവിലെ മനുഷ്യശരീരങ്ങളെ ബഷീർ അടയാളപ്പെടുത്തുന്നത് 'അവർക്ക് വിശേഷപരിപാടിയൊന്നുമില്ല. നാടില്ല, വീടില്ല, ഒന്നുമില്ല. എങ്കിലും മനുഷ്യർക്കുവേണ്ടതെല്ലാം ഉണ്ടുതാനും. സമൂഹത്തിൽ പരസ്യമായി ജനിക്കുന്നു, ജനിപ്പിക്കുന്നു, വളരുന്നു' എന്നാണ്. അവിടം അനാഥരുടെയും അശരണരുടെയും വേശ്യകളുടെയും പിടിച്ചുപറിക്കാരുടെയും വയോധികരുടെയും സങ്കേതമാണെന്ന് അയാൾ തിരിച്ചറിയുന്നു. സ്വന്തം കുഞ്ഞിനെ മുലയൂട്ടി മാറ്റിക്കിടത്തി വ്യഭിചാരത്തിന് ഒരുങ്ങുന്ന സ്ത്രീ അനാഥത്വത്തിന്റെ മറ്റൊരു മുഖം കാണിച്ചുതരുന്നു. നാൽക്കവലയിൽ ഉപേക്ഷിക്കപ്പെട്ട കുഞ്ഞിന് അഭയം നൽകാൻ വൈദികനേയും ഉറുമ്പരിക്കുന്ന കുഞ്ഞിനെ എടുക്കാൻ യുവാവിനേയും പ്രേരിപ്പിച്ചത് ഈ അനാഥത്വബോധമാണ്. ജനിച്ചവരെല്ലാം സ്ത്രീയുടെ സന്തതികളാണ് എന്ന ചിന്ത ലോകമനസ്സാക്ഷിയുടെ ചിന്താമണ്ഡലത്തിൽ വിപ്ലവകരമായി അവതരിപ്പിച്ചത് 1948 ൽ ആഡ്രിയൻ റീച്ച് (Of woman born) ആണെങ്കിലും അതിന് കാലങ്ങൾക്ക് മുൻപേ സ്ത്രീയുടെ മഹാകാരുണ്യത്തെ സൃഷ്ടിയുടെ അപരിമേയയെന്നോണം ബഷീർ ചൂണ്ടിക്കാണിച്ചിരുന്നു. സ്ത്രീയുടെ രണ്ടാം നിലയിലുള്ള പൗരത്വവും സമൂഹത്തിലെ താണനിലയും ദൈവികമല്ല, മനുഷ്യനിർമ്മിതിയാണെന്ന് ബഷീർ വ്യക്തമാക്കി.

**രോഗികളും കുറ്റവാളികളും**

നോവലിന്റെ തുടക്കത്തിൽ തനിക്ക് ഭ്രാന്താണെന്ന് തുറന്നു സമ്മതിക്കുന്ന മുഖ്യകഥാപാത്രം വിരൽചൂണ്ടുന്നത് യുദ്ധത്തിന്റെയും രോഗങ്ങളുടെയും വ്യവസ്ഥിതികളുടെയും ഇരകളായ മനുഷ്യരിലേക്കാണ്. മനുഷ്യസഹജമായ അവസ്ഥയാണ് രോഗം. വൈദ്യശാസ്ത്രരംഗം ഇത്രയേറെ പുരോഗമിച്ച ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽപ്പോലും അജ്ഞതയും ഭയവും കാരണം രോഗികളെ ചേർത്തുപിടിക്കാൻ സാധിക്കാതെപോയ നിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ചവരാണ് നമ്മൾ. കോവിഡ് 19 എന്ന മഹാമാരിയും നിപ്പയും പടർന്നുപിടിച്ചതിന്റെ പ്രാരംഭകാലം രോഗബാധിതർ അനുഭവിക്കേണ്ടിവന്ന അവഗണനയും മാനസികബുദ്ധിമുട്ടും അതിനുള്ള ഉദാഹരണമാണ്. ബോധവൽക്കരണങ്ങൾ നടക്കുന്നുണ്ടെങ്കിൽപ്പോലും ഇന്നും സമൂഹം പൂർണ്ണമായും അംഗീകരിക്കുവാനും ചർച്ചചെയ്യാനും മടിക്കുന്ന ലൈംഗികരോഗങ്ങളെക്കുറിച്ച്, അത്തരം രോഗികളുടെ ദയനീയാവസ്ഥയെക്കുറിച്ച് ബഷീർ അൻപതുകളിൽത്തന്നെ തുറന്നെഴുതിയെന്ന് ഓർക്കണം. ലൈംഗികരോഗബാധിതരായവരെ സദാചാരത്തിന്റെ കണ്ണിലൂടെ നോക്കി നെറ്റിചുളിച്ചിരുന്ന കാലത്താണ് ബഷീറിന്റെ നോവലിലെ പ്രധാന കഥാപാത്രം ഗൊണോറിയ ബാധിതനായ ഒരു യുവാവാകുന്നത്. ആൺവേശ്യയുടെ കിടപ്പുമുറിയെക്കുറിച്ച് വിവരിക്കുന്ന സന്ദർഭത്തിൽ 'വ്രണങ്ങൾ പോലെ കുമ്മായം പൊളിഞ്ഞുതുടങ്ങിയ ഭിത്തി' (ശബ്ദങ്ങൾ, പുറം: 48) എന്ന പ്രയോഗത്തിലൂടെ തന്റെ ചുറ്റും കാണുന്നതിലും കേൾക്കുന്നതിലുമെല്ലാം രോഗലക്ഷണങ്ങൾ ആരോപിക്കുന്ന

 ISSN: 2582 - 2594

കഥാപാത്രത്തിന്റെ മാനസികാവസ്ഥ പ്രകടമാവുന്നുണ്ട്. ലോകത്തെയാകമാനം ബാധിക്കുന്ന രോഗമായിട്ടാണ് യുദ്ധത്തെ നോവലിൽ ആവിഷ്കരിക്കുന്നത്. യുദ്ധമുഖവും ആൺവേശ്യയുടെ മുറിയും സാംക്രമികരോഗങ്ങളുടെ വിളനിലമാകുന്നു.

തെരുവോരങ്ങളും പുറമ്പോക്കിലെ ഇടിഞ്ഞുപൊളിഞ്ഞ ദേവാലയവും അനാഥരുടെയും അശരണരുടെയും പിടിച്ചുപറിക്കാരുടെയും വേശ്യകളുടെയും ആശ്രയമാകുന്നു. സത്രത്തിലെ മറ്റൊരു അന്തേവാസി പണം മോഷ്ടിക്കാനായി ഒരുവനെ കൊല്ലേണ്ടിവന്നുവെന്നും അയാളുടെ പോക്കറ്റിൽ ഉണ്ടായിരുന്നത് എട്ടുക്കാത്ത രൂപയാണെന്നും പറഞ്ഞ് വ്യസനിക്കുന്നതിൽ നിന്നും ദാരിദ്ര്യത്തിന്റെ തീവ്രത വ്യക്തമാകുന്നുണ്ട്. വഴിയരികിൽ അപകടത്തിൽപ്പെട്ട് മരിച്ച ഒരുവന്റെ പോക്കറ്റിൽ നിന്ന് പറന്ന പത്തു രൂപകൊണ്ട് പശിയടക്കാൻ ശ്രമിച്ചവനെ (അത്താഴം – എ. അയ്യപ്പൻ) ഇവിടെ ഓർക്കുന്നു. ഈ പരിതസ്ഥിതികളിലേക്ക് ജനിച്ചുവീണ, ഭാവിയിൽ തന്റേതല്ലാത്ത കാരണത്താൽ യാചകനായോ കള്ളനായോ രോഗിയായോ മോഷ്ടാവായോ കുറ്റവാളിയായോ തീരാവുന്ന മനുഷ്യരുടെ പ്രതീകമാണ് വേശ്യയുടെ കുഞ്ഞ്.

**സദാചാരത്തിന്റെ പൊയ്മുഖം (ആൺ വേശ്യ / പെൺവേശ്യ)**

അനാദികാലം മുതലേ സമൂഹത്തിൽ ആൺവേശ്യകളുണ്ട്. “പണ്ടുപണ്ട് രാജകൊട്ടാരങ്ങളിൽ, ചക്രവർത്തിമാരുടെ, പ്രസിഡന്റുമാരുടെ, സ്വേച്ഛാധിപതികളുടെ അരമനകളിൽ ഇവർ ഉണ്ടായിരുന്നു, ആൺവേശ്യകൾ” (ശബ്ദങ്ങൾ, പുറം.50). പെൺവേശ്യകളോളംതന്നെ ആൺവേശ്യകളുമുണ്ട് എന്ന് പ്രസ്താവിക്കുന്ന ബഷീർ പെൺവേശ്യയുടെ ദൈന്യത ചിത്രീകരിക്കാൻ മറന്നുപോകുന്നില്ല. എന്നാൽ സ്വന്തം കുഞ്ഞിനെ മുലയൂട്ടി മാറ്റിക്കിടത്തി വ്യഭിചാരത്തിന് ഒരുങ്ങുന്ന സ്ത്രീയേക്കാൾ സദാചാരസങ്കൽപ്പങ്ങളെ മുറിവേൽപ്പിച്ചത് ‘ശബ്ദങ്ങളി’ലെ സ്വവർഗ്ഗലൈംഗികതയുടെ ചിത്രീകരണമാണ് എന്നത് തീർച്ച. അസഭ്യം എന്ന് പൊതുജനം മുദ്രകുത്തിയിരുന്ന ഹോമോസെക്ഷ്വാലിറ്റിയുടെയും ലൈംഗികരോഗങ്ങളുടെയും ആവിഷ്കരണമാണ് വിമർശനത്തിന്റെ ആഘാതം ഇരട്ടിയാക്കിയത്. “അന്നത്തെ മോറൽ ക്രിറ്റിക്കുകളിൽ മുഖ്യനായിരുന്ന ഗുപ്തൻനായരുടെ പ്രതികരണം പ്രസിദ്ധമാണ്- ഇത് സാഹിത്യമാണെങ്കിൽ ചേർത്തല പൂരപ്പാട്ട് ഭഗവത്ഗീതയാണ്. ഞാൻ മഹാത്മാഗാന്ധിയാണ്.” (ബഷീറിന്റെ നൂറ്റാണ്ട്, പുറം. 186) നിലനിന്നിരുന്ന നായകസങ്കല്പങ്ങൾക്ക് മുന്നിലെ ഒരു വിപ്ലവവും വെല്ലുവിളിയുമായിരുന്നു പ്രസ്തുത കഥാപാത്രസൃഷ്ടി. ട്രാൻസ്ജെൻഡറുകൾ ലിംഗഭേദത്തിൽ വ്യത്യസ്തമായ മാനസികാവസ്ഥ ഉള്ളവരാണ്. എന്നാൽ ഈ കഥാപാത്രം വേഷാന്തരിതർ (Transvestite) എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ‘ട്രാൻസ്‌വെസ്റ്റൈറ്റ് (Transvestite) എന്നാൽ സ്ത്രീവേഷംകെട്ടുന്ന പുരുഷൻ അല്ലെങ്കിൽ പുരുഷവേഷം കെട്ടുന്ന സ്ത്രീ എന്നാണ് അർത്ഥം’.

‘സ്ത്രീകൾ എന്തുകൊണ്ട് വേശ്യകളായിത്തീരുന്നു?’ എന്ന പട്ടാളക്കാരന്റെ ചോദ്യത്തിന് സാഹിത്യകാരൻ ‘പുരുഷന്മാരുള്ളതുകൊണ്ടായിരിക്കാം’ എന്ന മറുപടി നൽകുമ്പോൾ ‘അതൊരു ശരിയായ സമാധാനമാണോ?’ എന്ന മറുചോദ്യം പട്ടാളക്കാരൻ ‘പ്രേമഭാജനം’ എന്ന അദ്ധ്യായത്തിൽ (ശബ്ദങ്ങൾ, പുറം: 29) ഉന്നയിക്കുന്നുണ്ട്. ആ ചോദ്യത്തിനുള്ള ശരിയായ സമാധാനമാണ് ബഷീർ ‘അമ്മയും മകനും’ എന്ന അധ്യായത്തിലൂടെ നൽകുന്നത്. ‘നിനക്ക് കാശിന്റെ വിചാരമേയുള്ളൂ! നിന്നോടുള്ള സ്നേഹം കൊണ്ടല്ലേ ഞാൻ ഇത്ര ദൂരം നടന്നുവന്നത്

(പകൽ മാന്യൻ)', 'സ്നേഹം കൊണ്ട് എന്റേം മോന്റേം പശിയടങ്ങുവോ'? (ശബ്ദങ്ങൾ, പുറം; 61) സ്ത്രീയുടെ ഈ ചോദ്യത്തിൽ നിന്നും വേശ്യാവൃത്തി അവളെ സംബന്ധിച്ച് സദാചാര നോട്ടങ്ങൾക്കപ്പുറം കേവലം രണ്ട് വയറുകളുടെ പശിയടക്കാനുള്ള ജീവിതമാർഗ്ഗമാണെന്ന് വ്യക്തമാവുന്നു. വേശ്യയായ ഒരു സ്ത്രീ എന്നതിലുപരി ഒരു മാതൃഹൃദയത്തെ ചിത്രീകരിക്കാനാണ് ബഷീർ അവിടെ ശ്രമിച്ചിട്ടുള്ളത്. തന്റെ സമീപം എത്തിയ വ്യക്തിയ്ക്ക് അഞ്ചാറുമാസം ഗർഭിണിയായിരിക്കുന്ന ഭാര്യയും കൂടാതെ വീട്ടിൽ അച്ഛനും അമ്മയും ഉണ്ട് എന്ന വസ്തുത അവർ ഞെട്ടലോടെയാണ് ഉൾക്കൊള്ളുന്നത്. ഭാര്യ ഗർഭിണി ആയതിനാൽ തന്റെ ലൈംഗികപൂർത്തിക്കുവേണ്ടി വേശ്യയെ സമീപിച്ച പകൽമാന്യൻ മനസ്സാക്ഷിയില്ലാതെ 'നീ ആ കുഞ്ഞിനെ അവിടെങ്ങാനും കിടത്തീട്ടു വരൂ' (ശബ്ദങ്ങൾ, പുറം 62) എന്ന് നിസ്സംശയം പറയുന്നു. എന്നാൽ 'കുഞ്ഞിനെ ഇട്ടേച്ചു ഞാനെങ്ങും വരിയേല' (ശബ്ദങ്ങൾ, പുറം 63) എന്ന് പറയുന്ന സ്ത്രീക്ക് എട്ടണകൂടി തരാം എന്ന വാഗ്ദാനത്തിനു മുന്നിൽ വഴങ്ങേണ്ടിവരുന്നു. വേശ്യാസ്ത്രീയുടെ മാതൃഹൃദയവും നിവൃത്തികേടും ചൂഷണത്തിനിരയാക്കപ്പെടുന്നു.

'എങ്ങനെയാണ് മാന്യന്മാർക്ക് അമാന്യതയും അമാന്യന്മാർക്ക് മാന്യതയും ലഭിക്കുന്നത് എന്ന് തുരുതുരെ ചോദിക്കാനുള്ള യത്നം ബഷീർകൃതികളിൽ കാണാം' (മരുഭൂമികൾ പൂക്കുമ്പോൾ, പുറം 26). ഗർഭിണിയായ ഭാര്യക്ക് പകരം ലൈംഗികപൂർത്തിക്കുവേണ്ടി വേശ്യയെ ആശ്രയിക്കുന്ന പകൽമാന്യൻ, വലിയ വീട്ടിലെ മഹാന്റെ ഭാര്യ, പട്ടാളക്യാമ്പിൽ റാങ്കും ജാതിയും അനുസരിച്ച് വേർതിരിച്ച് ഉപയോഗിക്കപ്പെടുന്ന സ്ത്രീശരീരം, തനിക്കൊരു വേശ്യയെ ഭാര്യയായി വേണ്ട എന്ന് ഉറക്കെപ്പറയുന്ന സാഹിത്യകാരൻ (കഥാപാത്രം), സ്വന്തം ശിഷ്യനെ ആൺവേശ്യയാക്കിത്തീർത്ത അധ്യാപകൻ എന്നിവർ കപട സദാചാര ചിന്താഗതികളുടെ മുഖംമൂടിയണിഞ്ഞവരായിരുന്നു. "ശീലത്തിന്റെയും, മാമൂലിന്റെയും പുത്രിയായ 'മാന്യത'യെന്ന നിരർത്ഥമായ മുദ്രാവാക്യത്തിന്റെ വിവിധവശങ്ങളെ 'ജന്മദിനം' എന്ന കഥാസമാഹാരത്തിലെ 'ജന്മദിനം', 'ഐഷക്കുട്ടി', 'സെക്കണ്ട് ഹാൻഡ്'' ആദിയായ ചില ചെറുകഥകളിലും 'അനർഘനിമിഷം', 'കഥാബീജം', 'പ്രേമലേഖനം' മുതലായ കൃതികളിലും ബഷീർ വെല്ലുവിളിച്ചിട്ടുണ്ട്. ഭാരതീയസാഹിത്യത്തിലേയും ഭാഷാസാഹിത്യത്തിലേയും പരാജയപ്രസ്ഥാനത്തിൽപ്പെട്ട ഉത്തമചെറുകഥകളിലൊന്നായ 'ശബ്ദങ്ങളി'ൽ ഈ വെല്ലുവിളി പരമകാഷ്ഠ പ്രാപിച്ചിരിക്കുന്നതു കാണാം" എന്ന് എ. ബാലകൃഷ്ണപിള്ള ശബ്ദങ്ങൾക്കെഴുതിയ അവതാരികയിൽ പരാമർശിക്കുന്നു (പുറം 6).

**ഉപസംഹാരം**

നോവലിൽ പ്രത്യക്ഷപ്പെടുന്ന ചെറുതും വലുതുമായ കഥാപാത്രങ്ങളിൽ ബഹുഭൂരിപക്ഷവും അരികുവൽക്കരിക്കപ്പെട്ട ജീവിതങ്ങളുടെ പ്രതിനിധികളാണ്. ബഷീർ ലോകത്തിന്റെ ഇടുങ്ങിയ വഴികളിലൂടെ സഞ്ചരിച്ച് അരികുവൽക്കരിക്കപ്പെട്ടവരുടെ ശബ്ദങ്ങൾ ഒപ്പിയെടുത്ത് അവർക്കുവേണ്ടി ഉച്ചത്തിൽ സംസാരിച്ചു. അങ്ങനെ കീഴാളരുടെയും സ്ത്രീകളുടെയും വേശ്യകളുടെയും ഭിക്ഷക്കാരുടെയും മോഷ്ടാക്കളുടെയും അനാഥരുടെയും രോഗികളുടെയും അശരണരുടെയും ശബ്ദങ്ങൾ തെളിഞ്ഞുകേട്ടു. പതുക്കെപ്പറയാൻ പോലും ഒരുകാലത്ത് ലോകം മടിച്ചിരുന്ന ലൈംഗികരോഗങ്ങളെക്കുറിച്ചും സ്വവർഗ്ഗരതിയെക്കുറിച്ചും സംസാരിച്ചതിന്റെ


ISSN: 2582 - 2594

പേരിൽ കടുത്ത വിമർശനങ്ങൾ നേരിട്ടു. വിമർശകർ ശബ്ദങ്ങളെ ഭയപ്പെട്ടിരുന്നത് അത് നമ്മുടെ വ്യവസ്ഥിതിയുടെ നേർക്കു തന്നെയുള്ള ശകലിത ശബ്ദങ്ങളായതുകൊണ്ടാണ്.

വ്യക്തമായൊരു മുഖമോ, പേരോ, മേൽവിലാസമോ, സ്വത്വമോ, വ്യക്തിത്വമോ, ആത്മവിശ്വാസമുള്ള ഒരു ശബ്ദമോ ഇല്ലാത്ത നായകകഥാപാത്രമാണ് നോവലിലുള്ളത്. പ്രസ്തുത നായക കഥാപാത്രത്തിന്റെ ശബ്ദത്തിലൂടെയാണ് നോവലിന്റെ ആഖ്യാനം പുരോഗമിക്കുന്നത്. വ്യത്യസ്തതരം ശബ്ദങ്ങൾ ഓരോ ഘട്ടത്തിലും നൽകുന്ന തിരിച്ചറിവാണ് നോവലിന്റെ പ്രമേയത്തിൽ പല സുപ്രധാന വഴിത്തിരിവുകളും സൃഷ്ടിക്കുന്നത്. ചരിത്രത്തിൽ രേഖപ്പെടുത്താതെ പോകുമായിരുന്ന പേരില്ലാത്ത മനുഷ്യരുടെ ശബ്ദമാകാൻ ബഷീറിന് സാധിച്ചു. മരിക്കാൻ പോലും അനുവാദമില്ലാതെ ദുരിതപൂർണ്ണമായ ജീവിതം അനുഭവിച്ചു തീർക്കാൻ വിധിക്കപ്പെട്ട ഒരുപറ്റം മനുഷ്യർ. ഇത്തരം ദർശനങ്ങളിലും ലോക വ്യവഹാരങ്ങളിലും ഒറ്റപ്പെടുന്നവരും കുറ്റപ്പെടുത്തപ്പെടുന്നവരും ചേരുന്ന മഹാലോക പരിച്ഛേദമാണ് ബഷീറിയൻ ജനാധിപത്യം.

### ആധാരസൂചി

ആർ, രാഘേഷ്. വാക്കുകൾ വരയ്ക്കുന്ന ദേശ ഭൂപടങ്ങൾ.2017. മൈത്രി ബുക്സ്. തിരുവനന്തപുരം

ആഷർ, ആർ.ഇ. ബഷീർ മലയാളത്തിന്റെ സർഗവിസ്മയം, 1999. ഡി.സി. ബുക്സ്. കോട്ടയം

എഴുത്തച്ഛൻ. ഹരിനാമകീർത്തനം. 2012. മാതൃഭൂമി ബുക്സ്

ബഷീർ, എം.എം. (എഡി.). ബഷീറിന്റെ ലോകം. 1985. ഡി.സി. ബുക്സ്. കോട്ടയം

മുഹമ്മദ്ബഷീർ, വൈക്കം. പാത്തുമ്മായുടെ ആടും തിരഞ്ഞെടുത്ത നോവെല്ലകളും, 2014. ഡി.സി. ബുക്സ്. കോട്ടയം

മുഹമ്മദ്ബഷീർ, വൈക്കം. ശബ്ദങ്ങൾ. 1973. നാഷണൽ ബുക്ക് സ്റ്റാൾ. കോട്ടയം

മുഹമ്മദ്ബഷീർ, വൈക്കം. ശബ്ദങ്ങൾ. 2021. ഡി സി ബുക്സ്. കോട്ടയം

രവികുമാർ, കെ.എസ്. (ഡോ). ബഷീറിന്റെ നൂറ്റാണ്ട്. 2010. ചിന്ത പബ്ലിഷേഴ്സ്. തിരുവനന്തപുരം

വിജയൻ, എം.എൻ. മരുഭൂമികൾ പൂക്കുമ്പോൾ (പഠനം). 2003. ലിപി പബ്ലിക്കേഷൻസ്. കോഴിക്കോട്

### പി. എച്ച്. ഡി തീസിസ്

എം, സത്യൻ. മലയാളസിനിമയും ലിംഗരാഷ്ട്രീയവും തിരഞ്ഞെടുത്ത മലയാളചലച്ചിത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം. 2017. മലയാള-കേരളപഠനവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല

### വെബ്ലിയോഗ്രഫി

https://malayalamkavithakal.com/athazham-kaarapakadathil-pettu-a-ayyappan/

Of Woman Born: Motherhood as Experience and Institution - Adrienne Rich - Google Books https://share.google/qKlhuKbCauUWnbKJWhttps://share.google/qKlhuKbCauUWnbKJW